60/DGE/HSE/NSS/2021

പൊതുവിദ്യാഭ്യാസഡയറക്ടറുടെ കാര്യാലയം
ഹയർസെക്കണ്ടറി വിഭാഗം
ഹൗസിങ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം
തീയതി : 16.09.2021

# സർക്കുലർ

2021-22 അദ്ധ്യയനവർഷത്തെ ഒന്നാം വർഷ വിദ്യാർത്ഥികളുടെ ഒന്നാംഘട്ട അലോട്ട്മെന്റ് 22.09.2021 ബുധനാഴ്ച മുതൽ ആരംഭിക്കുകയാണല്ലോ. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ലോക്ഡൗൺ കാലമാണെങ്കിലും പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് എൻ.എസ്.എസ്. ഒന്നാം വർഷത്തെ എൻറോൾമെന്റ് പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്.

ഇതിനായി ഒന്നാം വർഷ വിദ്യാർത്ഥികൾ വിദ്യാലയത്തിലെത്തുമ്പോൾ എൻ.എസ്.എസ്. പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന പരിസ്ഥിതി സൗഹൃദമായ ബാനർ വിദ്യാർത്ഥികൾക്ക് ദൃശ്യമാകുന്ന രീതിയിൽ പ്രദർശിപ്പിക്കേണ്ടതാണ്. പ്രസ്തുത ബാനറിൽ പ്രോഗ്രാം ഓഫീസറുടെ മൊബൈൽ ഫോൺ നമ്പർ പ്രദർശിപ്പിക്കേണ്ടതാണ്.

എൻ.എസ്.എസ്. യൂണിറ്റിൽ ചേരാനാഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് അപേക്ഷ ഓൺലൈനായി സമർപ്പിക്കുവാനായി മാതൃകാ അപേക്ഷ ഫോം ഉൾക്കൊള്ളുന്ന ഗൂഗിൾ ഫോം ലിങ്ക് ബാനറിൽ നൽകേണ്ടതാണ്. ഗൂഗിൾ ഫോമിന്റെ ലിങ്ക് സംബന്ധിച്ച വിശദാംശങ്ങൾ പ്രോഗ്രാം ഓഫീസർമാർക്ക് ജില്ലാകൺവീനർമാർ നൽകുന്നതാണ്.

ഒന്നാം വർഷ അഡ്മിഷന്റെ അലോട്ട്മെന്റ് നടക്കുന്ന ദിവസങ്ങളിൽ പ്രോഗ്രാം ഓഫീസർ/ അസിസ്റ്റന്റ് പ്രോഗ്രാം ഓഫീസർ/പ്രിൻസിപ്പൽ പ്രത്യേകമായി നിയോഗിക്കുന്ന അദ്ധ്യാപകൻ/ അദ്ധ്യാപിക ഇവരിലാരെങ്കിലും യൂണിറ്റിൽ വിദ്യാർത്ഥികൾക്ക് എൻ.എസ്.എസ്. സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിനായി കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് ഹാജരാക്കേണ്ടതാണ്.

വിദ്യാർത്ഥികളുടെ തിരഞ്ഞെടുപ്പു സംബന്ധിച്ച വിവരങ്ങൾ തുടർ സർക്കുലറിൽ പ്രസിദ്ധീകരിക്കുന്നതാണ്.

ഒപ്പ്

ഡോ. ജേക്കബ് ജോൺ

പ്രോഗ്രാം കോഡിനേറ്റർ